(എ) ടൂറിസം രംഗത്ത് പൊതുമേഖലയിൽ പുതിയ നിക്ഷേപം നടത്തുന്നുണ്ടോ;

(ബി) പൊതുമേഖലയിലെ സംരഭങ്ങളുടെ വികസനം എപ്രകാരം നടപ്പാക്കാം എന്നാണ് സർക്കാർ കരുതുന്നത്;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖല ടൂറിസം രംഗത്ത് മൂലധന നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ ഓരോ വർഷവും എത്ര കോടി രൂപ വീതമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ടൂറിസം സംരഭങ്ങളാണ് ഈ കാലയളവിൽ സ്വകാര്യ വത്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ടും ആവശ്യം ചിലതിൽ സ്വകാര്യപങ്കാളിത്തമുള്ള സംയുക്ത സംരംഭമായും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഒരു സംരഭവും ഈ കാലയളവിൽ സ്വകാര്യവത്ക്കരിച്ചിട്ടില്ല.

ടൂറിസം ദർശനം 2025

62(1538) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ദർശനം 2025 പ്രകാരം വിഭാവന ചെയ്ത ടൂറിസത്തിന്റെ ഭാഗമായി തൊഴിലുകൾ സൃഷ്ടിക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(സി) വർഷം തോറും ഏറ്റവും കുറഞ്ഞത് 1000 പേർക്കെങ്കിലും ടൂറിസം സംബന്ധമായ തൊഴിലുകൾ സൃഷ്ടിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; എത്ര പേർക്ക് ഇപ്രകാരം തൊഴിൽ നൽകി; വർഷം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയ പുതിയ ടൂറിസം മേഖലകൾ ഏതെല്ലാം; അവയിൽ നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാം എന്നറിയിക്കുമോ?

† അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്ന വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2003-ൽ 7,88,600 പേർക്ക് ടൂറിസം രംഗത്ത് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും 2013-ാം ആണ്ട് അകുമ്പോഴേക്കും 2221370 പേർക്ക് ഈ മേഖലയിൽ തൊഴിൽ കൊടുക്കാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു. 2003-ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 7.7 ശതമാനം ടൂറിസം മേഖലയിൽ നിന്നാണെന്നും 2013 ആകുമ്പോഴേയ്ക്കും ഇത് 10.2 ശതമാനമായി വർദ്ധിക്കുമെന്നും പ്രസ്തുത പഠനം വ്യക്തമാക്കുന്നു.

(സി) ഉണ്ട്. വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിലിന്റെ പഠനപ്രകാരം പതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. 2003 വർഷം വരെ 7,88,600 തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിച്ചിട്ടുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ഡി) ഈ സർക്കാരിന്റെ കാലത്ത് കണ്ടെത്തിയതും ആരംഭിച്ചതുമായ പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്. മെഡിക്കൽ ടൂറിസം, വഴിയോരം പദ്ധതി, ടൗൺ സ്ക്വയറുകളുടെ വികസനം, തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനം, എന്റെ ഗ്രാമം-ടൂറിസം സൗഹൃദ ഗ്രാമം, ഫാം ടൂറിസം, ഇന്റർനാഷണൽ ഹോസ്പിറ്റാലിറ്റി, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ബീച്ച് സർക്യൂട്ടിന്റെ വികസനം, ഗുരുവായൂർ പുന്നത്തൂർ കോട്ടയിലെ എലിഫന്റ് പാർക്ക്, വാഗണിൽ ആയുർവേദ റിസോർട്ട്, നെല്ലിയാമ്പതിയിൽ ഹോളിസ്റ്റിക് ഹെൽത്ത് കെയർ റിസോർട്ട് ആന്റ് സ്പൈസ് ഗാർഡൻ.

വിനോദസഞ്ചാരികളെ സ്വീകരിക്കാൻ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ

63(1539) പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് ആവശ്യം വേണ്ട പശ്ചാത്തല വികസനം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗങ്ങളിൽ പ്രതീക്ഷയ്ക്കനുസരിച്ചുള്ള വികസനം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;